"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - എറണാകുളം ജില്ലാ പഞ്ചായത്തിലെ ഫിനാൻസ് ഓഫീസറായ ശ്രീ. ജോബി തോമസിന് എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല നൽകിയ എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ നടപടിക്രമം - സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.34/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 05/01/2021

---

പരാമർശം:- 1 ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 09.09.2020- ലെ ഡി.പി.2-3538/2019 നമ്പർ നടപടിക്രമം.

2 എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 24.09.2020-ലെ DP2-3538/2019 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറി ശ്രീ. അജി ഫ്രാൻസിസ് കൊള്ളന്നൂർ-ന് കോവിഡ് 19 സ്ഥിരീകരിച്ചതിനെ തുടർന്ന് 09.09.2020 പൂർവ്വാഹ്നം മുതൽ അവധിയിൽ പ്രവേശിച്ചിട്ടുള്ളതിനാൽ ഫിനാൻസ് ഓഫീസർ ശ്രീ. ജോബി തോമസ് പരാമർശം (1) നടപടിക്രമം പ്രകാരം 09.09.2020 പൂർവ്വാഹ്നം മുതൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പൂർണ അധിക ചുമതല ഏറ്റെടുത്തിട്ടുണ്ടെന്നും പൂർണ അധിക ചുമതല നൽകിയ പ്രസിഡന്റിന്റെ നടപടിയ്ക്ക് ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ സാധൂകരണം ലഭിച്ചിട്ടുണ്ടെന്നും ആയതിനാൽ പ്രസ്തുത നടപടികൾക്ക് സർക്കാർ അംഗീകാരം നൽകണമെന്നും പരാമർശം (2) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പൂർണ അധിക ചുമതല 09.09.2020 പൂർവ്വാഹ്നം മുതൽ ജില്ലാ പഞ്ചായത്തിലെ ഫിനാൻസ് ഓഫീസർ ശ്രീ ജോബി തോമസിന് നൽകിയ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ പരാമർശം (1) നടപടിക്രമം സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ലീന എ**

**ഡെപ്യൂട്ടിസെക്രട്ടറി**

1. പ്രസിഡന്റ് /സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, എറണാകുളം
2. ശ്രീ. ജോബി തോമസ്, ഫിനാൻസ് ഓഫീസർ, ജില്ലാ പഞ്ചായത്ത്, എറണാകുളം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

4. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
5. വിവര. പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUDHEER S S
Date: 2021.01.06 10:44:00 IST
Reason: Approved

സെക്ഷൻ ഓഫീസർ